LIBRARY ARCHIVES Kerala Legislative Assembly

ജലനിധി

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ രണ്ടാം ബാച്ചിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ 35 ചെറുകിട കുടിവെള്ള പദ്ധതികളും ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ ഒരു ബൃഹത് കുടിവെള്ള പദ്ധതിയും നടപ്പാക്കിവരുന്നു. ചെറുകിട കുടിവെള്ള പദ്ധതികൾക്കായി 5.69 കോടി രൂപയുടെ സാങ്കേതികാനുമതിയും ബൃഹത് പദ്ധതികൾക്കായി 10.286 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ചെലവിന്റെ 75% സർക്കാരും 15% ഗ്രാമപഞ്ചായത്തും 10% പദ്ധതി ഗുണഭോക്താക്കളുമാണ് വഹിക്കുന്നത്. ജലനിധി മൂന്നാം ബാച്ചിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നിന്നും കൊടുവായൂർ പറളി മങ്കര എന്നീ മൂന്നു പഞ്ചായത്തുകളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

കാഡ

കാഞ്ഞിരപ്പുഴ പദ്ധതിയാണ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന കാഡ പദ്ധതി. പ്രസ്തുത പദ്ധതിക്കായി 100 ലക്ഷം രൂപ നടപ്പുവർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ "ഫീൽഡ് ചാനലുകളുടെയും ഡ്രെയിനേജുകളുടെയും ആധുനികവത്ക്കരണം" എന്ന പദ്ധതിയിലും പാലക്കാട് ജില്ല ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതിക്കായി 400 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

## ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങൾ

152 (3586) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ ഉപയോഗശൂന്യമായ എത്ര ഏക്കർ സ്ഥലമാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി മറ്റ് വകുപ്പുകൾക്കോ സ്ഥാപനങ്ങൾക്കോ ലീസിന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഏതൊക്കെ വകുപ്പുകൾക്ക്, ഏതൊക്കെ സ്ഥാപനങ്ങൾക്ക്, ഏതൊക്കെ ജില്ലകളിൽ ലീസിന് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.